**കേരള സർക്കാർ**

**ധനകാര്യ (വ്യയം സി)വകുപ്പ്**

**<u>സർക്കുലർ</u>**

**നം. 19/2016/ധന.**

**തിരുവനന്തപുരം, തീയതി, 05.03.2016**

വിഷയം :- നിലവിലുള്ള താല്ക്കാലിക സ്വീപ്പർമാരുടെ ക്രമവൽക്കരണം - സമയപരിധി നിശ്ചയിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1) ജി.ഒ.(പി)501/2005/ഫിൻ തീയതി 25/11/2005.
2) ജി.ഒ.(പി)61/10/ഫിൻ തീയതി 09/02/2010,
3) സർക്കുലർ നം.23/2010/ഫിൻ തീയതി 02/03/2010.

സൂചന (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം സർക്കാർ ഓഫീസുകളിൽ 11/2005 -നു മുൻപ് നിയമിക്കപ്പെട്ടതും ഇപ്പോഴും തുടർന്ന് വരുന്നതുമായ താല്ക്കാലിക സ്വീപ്പർമാരെ സ്വീപ്പിംഗ് ഏര്യയുടെ അടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന (3) സർക്കുലർ പ്രകാരം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 30.06.2010 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു.

2) സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം ടി ഉത്തരവിനുശേഷം ആരംഭിക്കുന്ന ഓഫീസുകളിൽ 100 ച.മീ.-ൽ കൂടുതൽ സ്വീപ്പിംഗ് ഏര്യ ഉണ്ടെങ്കിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം ലഭിച്ച ശുപാർശകളിൽ ചട്ടപ്രകാരമുള്ള സ്വീപ്പിംഗ് ഏര്യ ഇല്ല എന്ന കാരണത്താൽ സർക്കാർ മുൻപ് നിരസിച്ചിട്ടുള്ളതും അല്ലാത്തതുമായ പല പ്രൊപ്പോസലുകളും ബന്ധപ്പെട്ട ഓഫീസുകളോട് ചേർന്ന് താല്ക്കാലിക സംവിധാനം പുതിയതായി സൃഷ്ടിച്ച്, സ്വീപ്പിംഗ് ഏര്യ 100 ച.മീ. -ൽ കൂടുതലാക്കി, പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുവാനും 25/11/2005 – ലെ ജി.ഒ.(പി)501/2005/ഫിൻ ഉത്തരവുപ്രകാരമുള്ള ആനുകൂല്യം 18.06.2001 മുതൽ നല്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ടും, സർക്കാരിലേക്ക് വീണ്ടും ലഭിച്ചു കൊണ്ടിരിക്കുന്നു. സൂചന (3) സർക്കുലർ പ്രകാരം ക്രമവൽക്കരിക്കുന്നതിനുള്ള സമയ പരിധി 30.06.2010 വരെ ആയിരുന്നെങ്കിലും, സമയപരിധി കഴിഞ്ഞു 5 വർഷത്തിൽ കൂടുതൽ കാലയളവിൽ ടി പ്രൊപ്പോസലുകൾ പരിഗണിച്ചു കഴിഞ്ഞ സാഹചര്യത്തിൽ ഇനിയും ഇക്കാര്യത്തിൽ സമയ പരിധി ദീർഘിപ്പിച്ചു നല്കുന്ന കാര്യം പരിഗണിക്കാനാവില്ല.

3) ഈ സാഹചര്യത്തിൽ സൂചന (1), (2) പ്രകാരമുള്ള താല്ക്കാലിക സ്വീപ്പർമാരുടെ ക്രമവൽക്കരണത്തിനുള്ള പുതിയ പ്രൊപ്പോസലുകൾ ഈ സർക്കുലർ തീയതിക്കുശേഷം ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. എല്ലാ വകുപ്പു തലവൻമാരും ഈ ഉത്തരവ് കർശനമായും പാലിക്കേണ്ടതാണ്.

ഡോ.കെ.എം. എബ്രഹാം
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ജി &എസ്എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ ( ഇ &ആർ.എസ്.എ), കേരള, തിരുവനന്തപുരം.
ഗവർണ്ണറുടെ സെക്രട്ടറി.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.
എല്ലാ വകുപ്പ് മേധാവികൾക്കും ഓഫീസ് മേലധികാരികൾക്കും.
സെക്രട്ടേറിയറ്റിലെ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള/ കൊച്ചി/കോഴിക്കോട്/എം.ജി./കണ്ണൂർ/സംസ്കൃത സർവ്വകലാശാലകൾ.
രജിസ്ട്രാർ, കാർഷിക സർവകലാശാല, തൃശ്ശൂർ.
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം.
ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപറേഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
അഡ്വ.ജനറൽ, അഡ്വ.ജനറലിന്റെ ഓഫീസ്, എറണാകുളം.
അഡ്വ.ജനറൽ, അഡ്വ.ജനറലിന്റെ ഓഫീസ്, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷനേതാവിന്റെയും ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

അക്കൗണ്ട്സ് ഓഫീസർ